# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ / NOVEMBER | 25 | 2020 |
|---|---|---|



## ശബരിമല പത്രക്കുറിപ്പ്-1

ഫോൺ : 04735-202664

www.prd.kerala.gov.in, prdnewssabarimala2021@gmail.co


**ശബരിമലയിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതമാക്കി**

കോവിഡ്-19 പ്രതിരോധ നടപടിയുടെ ഭാഗമായി ശബരിമല സന്നിധാനത്തെയും വലിയ നടപ്പന്തലിലെയും കൈവരികൾ അണുവിമുക്തമാക്കി. ദർശനത്തിനെത്തുന്ന ഭക്തരുടെ സുരക്ഷയെ മുൻനിർത്തിയാണ് കൈവരികൾ അണുവിമുക്തമാക്കുന്നത്. നിശ്ചിത ഇടവേളകളിൽ ശബരിമല വിശുദ്ധി സേനാംഗങ്ങൾ കൈവരികൾ ശുചിയാക്കും. ഇതിനായി ലിക്വിഡ് ക്ലോറിൻ ലായനിയാണ് ഉപയോഗിക്കുന്നത്.
ഭക്തർ സ്പർശിക്കാൻ സാധ്യതയുള്ള കൈവരികളാണ് ശുചീകരിക്കുന്നത്. വിശുദ്ധി സേനാംഗങ്ങൾ ചരൽമേട് മുതൽ സന്നിധാനം വരെയുള്ള റോഡും പരിസരപ്രദേശങ്ങളും ശുചിയാക്കുന്നുണ്ട്. മണ്ഡല- മകരവിളക്ക് തീർഥാടന കാലത്ത് സന്നിധാനവും പരിസരങ്ങളും വിശുദ്ധി സേന ശുചീകരിക്കുമെന്ന് ശബരിമല എക്സിക്യൂട്ടീവ് മജിസ്ട്രേട്ട് പി.വി. സുധീഷ് പറഞ്ഞു. ശബരിമല സാനിറ്റേഷൻ സൊസൈറ്റിയുടെ കീഴിലാണ് വിശുദ്ധി സേനാംഗങ്ങളെ നിയോഗിച്ചിട്ടുള്ളത്.

*(പി.ആർ. ശബരി-45)*

**ഭക്തർക്ക് സാന്ത്വനമേകി സന്നിധാനത്തും പമ്പയിലും ആയുർവേദ ആശുപത്രികൾ**

ശബരിമല തീർഥാടകർക്കായി സർക്കാർ ആയുർവേദ ആശുപത്രികൾ പമ്പയിലും സന്നിധാനത്തും പ്രവർത്തനം ആരംഭിച്ചു. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കാണ് ഇത്തവണ മുൻതൂക്കം നൽകുന്നത്. രോഗപ്രതിരോധത്തിനുള്ള എല്ലാ ആയുർവേദ മരുന്നുകളും ആശുപത്രികളിൽ ലഭ്യമാണ്. കൂടാതെ പകർച്ചവ്യാധി, അലർജി, ശാരീരിക അവശതകൾക്കുള്ള മരുന്നുകളും നൽകുന്നുണ്ട്.
കോവിഡ് പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി നടപ്പാക്കിയ സ്വാസ്ഥ്യം, സുഖയുഷ്യം പദ്ധതികൾ പ്രകാരമുള്ള മരുന്നുകളാണ് ആശുപത്രിയിൽ നൽകുന്നത്. പമ്പയിലും സന്നിധാനത്തും ആരംഭിച്ചിരിക്കുന്ന ആയുർവേദ ആശുപത്രികളിൽ രണ്ട് ഡോക്ടർമാർ, ഫാർമസിസ്റ്റ്, മെഡിക്കൽ സ്റ്റാഫ്, പാരാമെഡിക്കൽ സ്റ്റാഫ്, തെറാപ്പിസ്റ്റ്, ക്ലിനിങ് സ്റ്റാഫ് എന്നിവരെ നിയോഗിച്ചിട്ടുണ്ട്. കോവിഡ് 19 മാനദണ്ഡങ്ങൾ പാലിച്ചാണ് സേവനം നൽകുന്നതെന്ന് സന്നിധാനം ആയുർവേദ ആശുപത്രി മെഡിക്കൽ ഓഫീസർ ഡോ. ആർ. ശ്രീനി പറഞ്ഞു. തീർഥാടകർ മതിയായ വിശ്രമത്തിന് ശേഷം മാത്രം മല കയറിയാൽ മതിയെന്നും അദ്ദേഹം പറഞ്ഞു.

***(പി.ആർ. ശബരി-46)***

***ഫോട്ടോ അടിക്കുറിപ്പ്- വിശുദ്ധിസേന-***
കോവിഡ് പ്രതിരോധ നടപടിയുടെ ഭാഗമായി ശബരിമല വലിയ നടപ്പന്തലിലെ കൈവരികൾ വിശുദ്ധി സേനാംഗങ്ങൾ ശുചീകരിക്കുന്നു

***ഫോട്ടോ അടിക്കുറിപ്പ്- ആയുർവേദ ഹോസ്പിറ്റൽ-***
ശബരിമല സന്നിധാനത്തെ സർക്കാർ ആയുർവേദ ആശുപത്രി.

***ഫോട്ടോ അടിക്കുറിപ്പ്- ഡോക്ടർ-***
ശബരിമല സന്നിധാനത്തെ സർക്കാർ ആയുർവേദ ആശുപത്രിയിൽ രോഗിയോടു വിവരങ്ങൾ ചോദിച്ചറിയുന്ന ഡോക്ടർ.

***ഫോട്ടോ അടിക്കുറിപ്പ്- മെഡിസിൻ-***
ശബരിമല സന്നിധാനത്തെ സർക്കാർ ആയുർവേദ ആശുപത്രിയിൽ വിതരണത്തിന് എത്തിച്ചിട്ടുള്ള മരുന്നുകൾ.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.